# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ഇ.കെ.എം(പി-12)183/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/05/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ - ഇ.കെ.എം(പി-12)183/2022 തീയ്യതി: 05/05/2022

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2022 | 31-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2022 | 31-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ധീരജ് ജെ,ഓഡിറ്റ് ഓഫീസർ
2)കെ വി സന്തോഷ് കുമാർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)ടിനു കെ ജെ,ഓഡിറ്റർ
4)ഹരീഷ് പി ആർ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടി ജി അനൂപ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി വിജയമാലിനി പി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീമതി വിജയം എൻ ആർ | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയമാലിനി പി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ആതിര പി സി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ എം എസ് ശ്രീകുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.മഞ്ജു കെ എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ബിനു സേവ്യാർ | മെഡിക്കൽ ഓഫീസർ(ആയൂർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി അംബിക വി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രാധിക നായർ | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് (ഇൻ-ചാർജ്ജ്) | 01-04-2019 | 02-08-2019 |
| ശ്രീമതി മേരി ഷൈനി കെ ജെ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 03-08-2019 | 31-03-2020 |
| ശ്രീമതി ലിജി ടി എൻ | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി | 01-04-2019 | 21-07-2019 |
| ശ്രീമതി മഞ്ജുഷ പി എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി | 22-07-2019 | 31-03-2020 |
| ഡോ.രാഖി | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ശ്രീമതി അജിതാമോൾ കെ എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വിജയ എം വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചേന്ദമംഗലം) | 01-04-2019 | 31-03-2020 |
| ശ്രീമതി ലിജി കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടക്കുംപുറം) | 01-04-2019 | 25-09-2019 |
| ശ്രീമതി സീമ ടി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടക്കുംപുറം) | 26-09-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: TINU K.J. (Auditor, On 26-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: TINU K.J. (Auditor, On 27-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: TINU K.J. (Auditor, On 31-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: TINU K.J. (Auditor, On 26-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: TINU K.J. (Auditor, On 30-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-10 |
| 12 | ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: TINU K.J. (Auditor, On 30-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-11 |
| 13 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-12 |
| 14 | ലൈസൻസ് - അപാകതകൾ<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-13 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-14 |
| 16 | വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് - അപാകതകൾ.<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-15 |

| | | |
|---|---|---|
| 17 | കമ്മ്യൂണിറ്റി ഹാളിന്റെ വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-16 |
| 18 | മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നു.<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 1-17 |
| 19 | ഗ്രാന്റ് ഹെഡിൽ ലഭിച്ച 200000 രൂപയിന്മേൽ 6 വർഷമായിട്ടും തുടർനടപടി സ്വീകരിച്ചില്ല.<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-18 |
| 20 | പാലിന് സബ്സിഡി- മാർഗരേഖ പ്രകാരമുള്ള ധനസഹായം ക്ഷീരകർഷകർക്ക് ലഭ്യമാകുന്നില്ല.<br>Written By: TINU K.J. (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-19 |
| 21 | ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-20 |
| 22 | റോഡ് ഇന്റർലോക്ക് ടൈലിംഗ് പ്രവൃത്തികളിൽ MoRD അവലംബിക്കാത്തതിനാൽ നഷ്ടം രൂപ 13104.46<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-21 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-22 |
| 24 | വാഴകൃഷി വികസനം - മുഴുവൻ പേരും ആനുകൂല്യം കൈപ്പറ്റിയില്ല.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-23 |
| 25 | പച്ചക്കറി ഗ്രാമം പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-24 |
| 26 | സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം - സർക്കാർ നിർദ്ദേശപ്രകാരമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | 1-25 |
| 27 | പെൺകുട്ടികളുടെ വിവാഹ ധനസഹായം ( എസ് .സി) -പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-26 |
| 28 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-27 |
| 29 | പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റിന് തുക നൽകിയത് സംബന്ധിച്ച്.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-28 |
| 30 | പബ്ലിക്ക് ടാപ്പ് കട്ടിങ്ങ് ചാർജ്-പദ്ധതി നിർവ്വഹണത്തിലെ | 1-29 |

| | | |
|---|---|---|
| | അപാകതകൾ.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 04-04-2022) | |
| 31 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Hareesh P.R (Auditor, On 01-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | റോഡ് ഇൻ്റർലോക്ക് ടൈലിംഗ് പ്രവൃത്തികളിൽ MoRD അവലംബിക്കാതിരുന്നതിനാൽ നഷ്ടം രൂപ 13104.46<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 3-1 |
| 2 | വാഴകൃഷി വികസനം - മുഴുവൻ പേരും ആനുകൂല്യം കൈപ്പറ്റിയില്ല.<br>Written By: Dheeraj J (Audit Officer, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-3 |
| 4 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 19-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-7 |
| 8 | ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh P.R (Auditor, On 04-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Hareesh P.R (Auditor, On 02-02-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 05-04-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019 - 20 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 27.02.2019 തീയതിയിലെ 1 ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12,58,475 | 1,43,32,289 |
| വരവ് | 20,45,90,600 | 6,76,71,280 |
| ആകെ | 20,58,49,075 | 8,20,03,569 |
| ചെലവ് | 20,45,79,850 | 6,90,64,421 |
| നീക്കിയിരിപ്പ് | 12,69,225 | 1,29,39,148 |

ബജറ്റിലെയും, വാർഷിക ധനകാര്യ പത്രികയിലെയും കണക്കുകൾ തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി വലിയ തോതിലുള്ള വ്യത്യാസം വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യമെന്റ് എന്നിവയും ബജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.7.2020 | 22-5-2020 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 14332289.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 67671280.00 |
| ആകെ | | 82003569.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 69064421.00 |
| നീക്കിയിരിപ്പ് | | 12939148.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16966.80 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 79394/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25546606 | 25546606 | 12142034 | 0 | 13404572 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5917235 | 5917235 | 2219561 | 0 | 3697674 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8245000 | 8245000 | 657471 | 0 | 7587529 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3970000 | 3970000 | 3032557 | 0 | 937443 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 10189512 | 10189512 | 4192855 | 0 | 5996657 |
| സാക്ഷരത | 8273 | 144 | 8417 | 0 | 8417 | |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| അങ്കണവാടി പൂരക പോഷകാഹാരം (320100121) | 0 | 475945 | 475945 | 377314 | 98631 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| ആശ്രയ 320200306 | 992310.5 | 0 | 992310.5 | 992310.5 | 0.50 | |
| ലൈഫ് സംസ്ഥാന വിഹിതം, 320300305 | 0 | 17700000 | 17700000 | 17340000 | 360000 | |
| ജനകീയഭവനം 320200307 | 0 | 39433 | 39433 | 39433 | 0 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200319 | 1200000 | 0 | 1200000 | 695606 | 504394 | |
| ശുചിത്വ മിഷൻ 320200322 | 1253174 | 375200 | 1628374 | 820076 | 808298 | |
| വിമുക്തി 320200399 | 72500 | 3000 | 75500 | 0 | 75500 | |
| സാനിറ്റേഷൻ 320300103 | 391870 | 0 | 391870 | 0 | 391870 | |
| കേരളോത്സവം 320200323 | 7636 | 20000 | 27636 | 27636 | 0 | |

G O പ്രൊജക്ടുകളുടെ ചെലവ്

വികസനഫണ്ട് - ജനറൽ - 2588235 /-

വികസനഫണ്ട് - SCP - 161765 /-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ട |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 63777668 | 88 | 25004728 | 26 | 105 | 43% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 52577 | 948631 | 1001208 | 646733 | 354475 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16883296 | 16883296 | 16883296 | 0 |
| ആകെ | 52577 | 17831927 | 17884504 | 17530029 | 354475 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 374400 | 187 |
| വിധവാപെൻഷൻ | 7898400 | 3972 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |
| വാർദ്ധക്യകാല പെൻഷൻ | 15645900 | 8175 |
| വികലാംഗ പെൻഷൻ | 2229900 | 1126 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 922800 | 459 |
| തൊഴിൽരഹിത വേതനം | 22800 | 26 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.01.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2941/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് അത്യാവശ്യമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

2. വാർഷികധനകാര്യ പത്രിക പ്രകാരം തൻവർഷം ജീവനക്കാരുടെ തൊഴിൽ നികുതിവരവ് 994320/- രൂപയാണ്. തൊഴിൽ നികുതി രജിസ്റ്ററിൽ ഈ തുകയാണ് ഡി സി ബി സംഗ്രഹത്തിൽ ആകെ ഡിമാന്റ്, കളക്ഷൻ ആയി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള 59 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആകെ തൊഴിൽനികുതി കണക്കാക്കുമ്പോൾ 985413/- രൂപയാണ് ലഭ്യമാകുന്നത്. 8907/- രൂപയുടെ വ്യത്യാസം കാണുന്നു. ആയത് സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ-15) മുൻ വർഷങ്ങളിൽ അടവാക്കാതിരുന്ന കുടിശ്ശികയാണ് ഇതെന്ന മറുപടിയും രേഖകളും ലഭ്യമാക്കി. എന്നാൽ ഈ വർഷത്തെ തൊഴിൽനികുതി രജിസ്റ്ററിലോ മുൻവർഷത്തെ തൊഴിൽനികുതി രജിസ്റ്ററിലോ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് തൊഴിൽനികുതി രജിസ്റ്ററിൽ പരിശോധന നടത്താതെ രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. തൊഴിൽനികുതി രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമായി തയ്യാറാക്കേണ്ടതും കുടിശ്ശിക കൃത്യമായി പരിശോധിച്ച് ആയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡി സി ബി കണക്കാക്കി രേഖപ്പെടുത്തുന്നില്ല. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പ്രകാരം ഡി സി ബി കണക്കാക്കേണ്ടതുമാണ്.

4. അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിച്ച തുകകളും, നീക്കിയിരിപ്പും രേഖപ്പെടുത്തുന്നില്ല.

5. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ കൃത്യമായ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.09.2021 മുതൽ 10.09.2021 വരെ | 01.10.2021 മുതൽ 31.03.2020 വരെ | 11.10.2021 (സ്ഥാപനം ലഭ്യമാക്കിയ രേഖ പ്രകാരം ഇ മെയിൽ മുഖേന മാത്രമാണ് റിപ്പോർട്ട് ലഭ്യമായത്) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-12-2017 | 2012-13 മുതൽ 2016-17 വരെ | 25-1-2018 |

## 1-11 ഗ്രാമ സഭ - നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 18 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 2 തവണ മാത്രമാണ് 18 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ജൂലായ് | 1. ജല സംരക്ഷണം.<br>2. MGNREGS 2019-2020 ലെ ഫസ്റ്റ് അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകരിക്കൽ.<br>3. MGNREGS കോഴിക്കൂട്, ആട്ടിൻകൂട്, പശുത്തൊഴുത്ത്, കംപോസ്റ്റ് പിറ്റ്, സോക് പിറ്റ്, കിണർ റീചാർജ്ജ്, ഫാംപോണ്ട്, പട്ടുതാകുളം, എന്നീ പ്രവൃത്തികൾക്കുള്ള SC, ST, BPL വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ.<br>4. അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് ക്ഷണിക്കലും, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരിക്കലും.<br>5. 2019-20 ലെ ബഡ്ജറ്റ് അംഗീകരിക്കലും, 2018-19 ലെ വരവ് ചെലവ് കണക്ക് അംഗീകരിക്കലും.<br>6. വിവിധ പെൻഷൻ അപേക്ഷകൾ അംഗീകരിക്കൽ. |
| 2 | 2020 ഫെബ്രുവരി | 1. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ അംഗീകരിക്കൽ.<br>2. MGNREGS 2020-21 ലെ ഫസ്റ്റ് ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും അംഗീകരിക്കൽ.<br>3. MGNREGS കോഴിക്കൂട്, ആട്ടിൻകൂട്, പശുത്തൊഴുത്ത്, കംപോസ്റ്റ് പിറ്റ്, സോക് പിറ്റ്, കിണർ റീചാർജ്ജ്, ഫാംപോണ്ട്, പട്ടുതാകുളം, എന്നീ പ്രവൃത്തികൾക്കുള്ള SC, ST, BPL വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ.<br>4. 2019-20 സാമ്പത്തിക വർഷത്തെ ഗുണഭോക്തലിസ്റ്റ് അംഗീകരിക്കലും സാധൂകരിക്കലും.<br>5. PMAY ഭവന പദ്ധതിയിലെ പെർമനന്റ് വെയ്റ്റിംഗ് ലിസ്റ്റിൽ |

| | | |
|---|---|---|
| | | നിന്നും അനർഹരെ ഒഴിവാക്കലും ആവാസ് പ്ലസ് ൽ ഉൾപ്പെട്ട അർഹരായവരെ അംഗീകരിക്കലും.<br>6. ലൈഫ് എസ്.സി ഗുണഭോക്താക്കളിൽ അർഹരായവരെ അംഗീകരിക്കലും അനർഹരെ ഒഴിവാക്കലും.<br>7. പ്രളയബാധിതരുടെ ജീവനോപാധി ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ. |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ശ്രീനാരായണ വിവിധോദ്ദേശ സംഘം | I.II |
| 2 | കൈത്തറി നെയ്ത്ത് സഹകരണ സംഘം 191, കരിമ്പാടം | I.II |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം, കിഴക്കുംപ്പുറം | I.II |
| 4 | കെ.എ.റ്റി എഞ്ചിനീയറിംഗ് | I.II |
| 5 | ബി.എസ്.എൻ.എൽ | I.II |

2) ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ നം/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 16, 5/352 | പോളിപ്ലാസ്റ്റ് | 5 |
| 2 | 18, 10/412 | ചെന്നോത്ത് പേപ്പർ പ്രോഡക്ട്സ് | 4 |
| 3 | 41, 6/135 C, 135 D | ജെ.എസ്.ഫാർമ | 5 |
| 4 | 45, 10/116 | കുരിയൻ കളർ പാക്കിംഗ്സ് | 6 |
| 5 | 64, 17/569 | മെൽഫി ഗാർമെന്റ്സ് | 6 |
| 6 | 125, 5/497 | ക്ഷീരോത്പാദക സഹകരണ സംഘം ഇ-257 (ഡി), കോട്ടയിൽ കോവിലകം | 3 |
| 7 | 367,9/293 | മാസ് വെയ്സ് ലൈഫ് കെയർ പ്രൈ ലിമിറ്റഡ് | 4 |

3) പഞ്ചായത്തിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് 25.01.2022 ൽ നൽകിയ എൻക്വയറി നം.4 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് ഒഴിവാക്കാനാവുന്നത് ഒഴിവാക്കിയിട്ടുണ്ട്.
മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും, പഞ്ചായത്തിലെ കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് - അപാകതകൾ

ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ പരമാവധി ലൈസൻസ്

ഫീസ് (പട്ടിക II ലെ ചട്ടം 10) പുതുക്കിയിട്ടുണ്ട്. എന്നാൽ ചില അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2) ശ്രീ.പി.ബി.രവി, പോട്ടേപ്പറമ്പിൽ (ലൈസൻസ് രജിസ്റ്ററിലെ നം.125, കെട്ടിട നം5/497) എന്ന വ്യക്തിയിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 50/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 17.04.2018 തീയതിയിലെ 5/1 നം കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന ഫീസ് 100/- രൂപയാണ്.

3) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസ് ഫീസിനത്തിൽ അടവാക്കേണ്ട 50/- രൂപ ശ്രീ.പി.ബി.രവി, പോട്ടേപ്പറമ്പിൽ എന്ന വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതും, പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ എന്നീ സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടം 3(2) പ്രകാരം പുതിയ സ്ഥാപനങ്ങൾക്ക് 200/- രൂപ നിരക്കിലും, രജിസ്ട്രേഷൻ പുതുക്കുന്നതിന് 50/- രൂപയുമാണ് ഈടാക്കേണ്ടത്.
2019-20 സാമ്പത്തിക വർഷത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. ടി സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/കെട്ടിട നം |
|---|---|
| 1 | കൃഷ്ണ ഹോമിയോ ക്ലിനിക്ക് |
| 2 | ഐലാബ്സ് ഡയഗണോസ്റ്റിക്ക് സർവ്വീസസ് |

മേൽ അപാകതകൾ സൂചിപ്പിച്ച് 25.01.2022 ൽ നൽകിയ എൻക്വയറി നം.5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് പിഴ പലിശ ചേർത്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് - അപാകതകൾ.

26.05.2017 തീയതിയിലെ സ.ഉ.(കൈ) നം.106/17/ത.സ്വ.ഭ.വ പ്രകാരം വിമുക്തഭടൻമാരുടെ ഭവനങ്ങളുടെ കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും നിശ്ചിത മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം ഇളവിന് അർഹരായവർ മാർച്ച് 31 ന് മുൻപായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്. കെട്ടിട ഇളവിനായി പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം ഉത്തരവിൽ പറഞ്ഞിട്ടുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്. കെട്ടിട നികുതിയിളവിന് അർഹരായ വിമുക്തഭടൻമാർക്ക്/ വിമുക്തഭടൻമാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.
2019-20 സാമ്പത്തിക വർഷത്തിലെ വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുന്നതിനായി വർഷം തോറും സമർപ്പിക്കുന്ന സാക്ഷ്യപത്രങ്ങൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല.

2) വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുന്നതിനായി വർഷം തോറും സമർപ്പിക്കുന്ന സാക്ഷ്യപത്രങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ വിമുക്തഭടൻമാർ/ വിമുക്തഭടൻമാരുടെ ഭാര്യമാർ/ വിധവകൾ എന്നിവർ സമർപ്പിച്ച 18 സാക്ഷ്യപത്രങ്ങൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 18 ൽ കൂടുതൽ വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് 27.01.2022 തീയതിയിൽ നൽകിയ എൻക്വയറി നം.8 ന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുന്നതിന്റെ രജിസ്റ്ററുകൾ പ്രത്യേകമായി നിലവിൽ പരിപാലിക്കുന്നില്ല. എന്നാൽ നിർദ്ദേശം കണക്കിലെടുത്ത് തുടർന്ന് രജിസ്റ്ററുകൾ പരിപാലിച്ചു പോരുന്നതാണ്. രജിസ്റ്ററുകൾ പരിപാലിക്കുന്നില്ലെങ്കിലും അപേക്ഷകൾ കൃത്യമായി ഫ്രണ്ട് ഓഫീസ് മുഖേന വാങ്ങിയിട്ടാണ് വസ്തു നികുതി ഇളവ് നൽകിയിരിക്കുന്നത്. ഈ ഓഫീസിൽ അപേക്ഷകൾ സ്വീകരിച്ചതിന്റെ സൂചിക പകർപ്പ് മറുപടിയോടൊപ്പം സമർപ്പിക്കുന്നുവെന്നും, ISO യുമായി ബന്ധപ്പെട്ട് ഫയലുകൾ ക്രമീകരിച്ചപ്പോൾ അപേക്ഷകൾ "Misplaced" ആയിട്ടുള്ളതാണെന്നും മറുപടിയിൽ വ്യക്തമാക്കുന്നു.

വിമുക്തഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകുമ്പോൾ സർക്കാർ ഉത്തരവിനനുസരിച്ച് പാലിക്കേണ്ട നടപടികൾ കൈക്കോളേണ്ടതും, ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കേണ്ടതുമാണ്. ഇളവിന് അർഹരായ വിമുക്തഭടൻമാരുടെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. അർഹരല്ലാത്ത വിമുക്തഭടൻമാരുടെ വസ്തു നികുതി ഈടാക്കുവാൻ വേണ്ട ക്രമീകരണങ്ങൾ സഞ്ചയയിൽ നടത്തേണ്ടതുമാണ്.

## 1-16 കമ്മ്യൂണിറ്റി ഹാളിന്റെ വാടക ഈടാക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ വാടക പിരിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹാളിന്റെ വാടക പിരിക്കുന്നതിനായി ബൈ ലോ നിലവിലില്ല.

2) ഹാൾ വാടകയ്ക്ക് എടുക്കുന്ന വ്യക്തികളുടെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവരിൽ നിന്നും ഈടാക്കുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3) വ്യക്തികളിൽ നിന്നും ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങുന്ന തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. ഇങ്ങനെ വ്യക്തികളിൽ നിന്നും വാങ്ങിയ ഡെപ്പോസിറ്റ് തുകകൾ ഹാളിന്റെ ഉപയോഗത്തിനു ശേഷം തിരികെ നൽകിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4) 2019-20 വാർഷിക കണക്കുകൾ പ്രകാരം വാടക ഇനത്തിൽ ആകെ ലഭിച്ച തുക 1,08,000/- രൂപയാണ് (ലെഡ്ജർ പ്രകാരം 18 വ്യക്തികളിൽ നിന്നും 6000/- രൂപ ഈടാക്കിയിട്ടുണ്ട്). എന്നാൽ വളരെ കുറച്ച് അപേക്ഷകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ.

മേൽ അപാകതകൾ സൂചിപ്പിച്ച് 25.01.2022 ൽ നൽകിയ എൻക്വയറി നം.7 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഹാളിന്റെ വാടക നിരക്കും, നടത്തിപ്പുമെന്നും, ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ കാലികമാക്കിയിട്ടുണ്ടെന്നും സൂചിപ്പിച്ചു.

പഞ്ചായത്തിന്റെ ഹാളിന്റെ പ്രവർത്തനത്തിനായി ഒരു ബൈലോ ചമയ്ക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വാടക നിശ്ചയിച്ച് ഈടാക്കേണ്ടതുമാണ്. ഹാളിന്റെ വാടക, വാങ്ങുന്ന ഡെപ്പോസിറ്റ് തുകയുടെ വിവരങ്ങൾ എന്നീ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-17 മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നു.

സർക്കുലർ നമ്പർ എസ്.എഫ്.സി.-ബി1/71/2017/ധന തിയതി 22.09.2017 പ്രകാരം സാമൂഹ്യ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തപ്പെടേണ്ടതാണ്. എന്നാൽ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ട് ഫയലുകളും സേവന സോഫ്റ്റ് വെയറും പരിശോധിച്ചത് പ്രകാരം താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത തീയതിക്ക് ശേഷവും പെൻഷൻതുക കൈമാറിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | ഗുണ ഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി/ ആധാർ നമ്പർ | പെൻഷൻ തരം | മരിച്ച തീയതി | പഞ്ചായത്ത് മരണ റിപ്പോർട്ട് ഫയൽ നമ്പർ/ തീയതി | അനർ ഹമായ കാലയളവ് | വിത രണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ദമയന്തി തിലകൻ. | 106240600586/ 559492235545 | വിധവ | 24-2-2019 | A4- 3308/19 13/3/19 | 3/19, 4/19 | 2300/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | വി.എ | | | | | | |
| 2 | കെ.കെ സുധാകരൻ | 106240600586/ 375448948493 | വാർദ്ധക്യം | 6-3-2019 | A4-3358/19 14/3/19 | 4/19 | 1500/- |
| 3 | കൃഷ്ണൻകുട്ടി നായർ | 106240202500/ 759061839595 | വാർദ്ധക്യം | 12-1-2020 | A4-754/20 24/1/2020 | 2/20,3/ 20,4/20,5/ 20,6/20,7/ 20,8/20,9/20 | 10300/- |
| 4 | മഹേശ്വരി. ടി.എസ് | 106240600098 824788642666 | വിധവ | 3-2-2020 | A4-933/2020 4/2/2020 | 3/20,4/ 20,5/20,6/ 20.7/20,8/ 20,9/20 | 9100/- |
| 5 | ത്രേസ്യ ആന്റണി | 106240200309/ 625548472035 | വാർദ്ധക്യം | 9-2-2020 | A4-1284/20 14/2/2020 | 3/20,4/20 | 3000/- |
| 6 | ആനന്ദൻ. കെ.വി | 106240100107/ 724000182625 | കർഷക തൊഴിലാളി | 17-2-2020 | A4-933/2020 4/2/2020 | 3/20, 4/20 | 2500/- |
| 7 | ബെയ്സിൽ .ടി.വി | 106240202210/ 529257849921 | വാർദ്ധക്യം | 7-3-2020 | A4-2179/2020 10/3/2020 | 4/20,5/ 20,6/20,7/ 20,8/20,9/20 | 7900/- |
| 8 | ത്രേസ്യ പുളിക്കത്തറ, കരിമ്പാടം | 106240600487/ 669960961566 | വിധവ | 2-3-2020 | A4-2189/2020 10/3/2020 | 4/20,5/ 20,6/20,7/ 20,8/20,9/20 | 7900/- |
| 9 | കുമാരൻ. കെ.പി, കളത്തിൽ | 106240200419/ 832368601933 | വാർദ്ധക്യം | 3-3-2020 | A4-2317/2020 16/3/2020 | 4/20,5/ 20,6/20,7/ 20,8/20,9/20 | 9000/- |
| 10 | ഇന്ദിര സുബ്രഹ്മണ്യൻ | 106240600624/ 307880507563 | വിധവ | 17-3-2020 | A4-2652/2020 30/3/2020 | 4/20,5/ 20,6/20,7/ 20,8/20,9/20 | 7900/- |
| ആകെ | | | | | | | 61400/- |

ഇത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2) ഈ തുക ബന്ധപ്പെട്ടവരുടെ അനന്തരാവകാശികളിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമായിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 05.11.2020 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ തുക ബന്ധപ്പെട്ടവരുടെ അനർഹമായ പെൻഷൻ തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-18 ഗ്രാന്റ് ഹെഡിൽ ലഭിച്ച 200000 രൂപയിന്മേൽ 6 വർഷമായിട്ടും തുടർനടപടി സ്വീകരിച്ചില്ല.

വാർഷിക ധനകാര്യപത്രികയിലെ B4 ഷെഡ്യൂളിൽ തൻവർഷവും മുൻവർഷവും "320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies" ഹെഡിൽ 200000/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിന്റെ ലെഡ്ജർ പരിശോധിച്ചത് പ്രകാരം 21-1-2016 ൽ ഈ ഹെഡിൽ 200000/- രൂപ ട്രഷറി ടി എസ് ബി അക്കൌണ്ടിൽ വരവ് വന്നിട്ടുണ്ട് . എന്നാൽ ഏതിനത്തിൽ എവിടെ നിന്ന് വന്ന എന്ന് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടില്ല. 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ Trial Balance പരിശോധിച്ചത് പ്രകാരം ഈ വർഷങ്ങളിൽ ഈ ഹെഡിൽ ട്രാൻസാക്ഷൻ നടക്കാതെ മേൽ തുക അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. ഈ തുക എവിടെ നിന്ന് ഏതിനത്തിൽ വരവ് വന്ന എന്നതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഈ ഹെഡിൽ നിന്ന് 2016 മുതൽ നാളിത് വരെയും തുക ചെലവാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 11) ഇത് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കുടുംബ ശ്രീ നൽകിയ തുകയാണെന്നും ഏത് ഇനത്തിൽ ലഭിച്ച വരവാണെന്ന് വ്യക്തമല്ലെന്നും 2018 ലെ പ്രളയത്തിൽ ഫയലുകളെല്ലാം നഷ്ടപ്പെട്ടതിനാൽ മറ്റ് വിവരങ്ങൾ ലഭ്യമല്ല എന്നുമാണ് മറുപടി നൽകിയത്. ഇതിന്റെ സാംഖ്യാ രസീത്

പകർപ്പ് ലഭ്യമാക്കിയെങ്കിലും ഏതിനത്തിൽ ലഭിച്ച വരവാണെന്ന് ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ വരവ് വന്നതിന്റെ രേഖകളും ലഭ്യമാക്കിയില്ല .ആയത് ലഭ്യമാക്കേണ്ടതാണ് . ഉറവിടമറിയാതെ 6 വർഷക്കാലം ഗ്രാന്റായി ലഭിച്ച 200000 രൂപ ചെലവാക്കാത്തതും ഇത് സംബന്ധിച്ച് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കുടുംബ ശ്രീയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാത്തതും ശരിയായ നടപടിയല്ല. ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കുടുംബശ്രീയുമായി ബന്ധപ്പെട്ട് മേൽവിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-19 പാലിന് സബ്സിഡി- മാർഗരേഖ പ്രകാരമുള്ള ധനസഹായം ക്ഷീരകർഷകർക്ക് ലഭ്യമാകുന്നില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ<br>പേര് | 60/19-20,<br>പാൽവില സബ്സിഡി |
| അടങ്കൽ | 614800/-<br>വികസനഫണ്ട്-300000<br>ബ്ലോക്ക് വിഹിതം-220000<br>ജില്ലാപഞ്ചായത്ത് വിഹിതം-94800 |
| ചെലവ് | 442956/-<br>വികസന ഫണ്ട്- 222956<br>1/19-20 - 20/1/2020, 2/19-20 - 20/1/20, 7/19-20 - 11/3/2020<br>ബ്ലോക്ക് വിഹിതം- 220000<br>3/19-20 - 26/2/2020, 4/19-20 - 26/2/2020, 5/19-20 - 26/2/2020, 8/19-20 - 11/3/2020<br>ജില്ലാപഞ്ചായത്ത് വിഹിതം - 0 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>പറവൂർ ബ്ലോക്ക് |

പദ്ധതി പ്രകാരം തൻവർഷം ആകെ 614800/- രൂപ വകയിരുത്തുകയും 442956/- രൂപ ചെലവാക്കുകയും ചെയ്തു. വികസനഫണ്ടിൽ നിന്നുള്ള 77044/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 94800/- രൂപയും ചേർത്ത് ആകെ 171844/- രൂപ സ്പിൽ ഓവർ പ്രൊജക്ടായി 2020-21 ലാണ് ചെലവഴിച്ചത്. ഡയറി ഫാം ഇൻസ്ട്രക്ടർ വഴി നടപ്പിലാക്കിയ സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ടിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം ക്ഷീരകർഷകർക്ക് നൽകുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലായെന്ന് കാണുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ ഉത്തരവ് നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2(8) അനുസരിച്ച് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ നാല് ക്ഷീര സഹകരണ സംഘങ്ങൾ വഴി പാലളക്കുന്ന ക്ഷീരകർഷകർക്ക് വികസന ഫണ്ടിൽ നിന്ന് മൂന്ന് രൂപ വീതം സബ്സിഡി മാത്രമാണ് ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകിയിട്ടുള്ളത്. 2020 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഒരു ക്ഷീര കർഷകനു പോലും സബ്സിഡി നൽകുവാൻ കഴിഞ്ഞില്ല. ആയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി.നം. 9). മറുപടിയായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ജനുവരി മുതൽ മാർച്ച് വരെ സബ്സിഡി നൽകാനാകുന്നില്ലെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട് കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി സാമ്പത്തിക വർഷത്തേക്ക് പൂർണമായി നൽകാത്തത് ശരിയായ നടപടിയല്ല. ക്ഷീരകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതിക്ക് ആവശ്യമായ ഫണ്ട് വകയിരുത്തി ക്ഷീരമേഖലയെ സംരക്ഷിക്കേണ്ടതാവശ്യമാണ്. ഉത്പാദനമേഖലയിലെ പദ്ധതികൾക്ക് മതിയായ ഫണ്ട് വകയിരുത്തുന്നതിനും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും പൂർണമായി ഫണ്ട് ലഭ്യമാകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിലെ

**അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | S0024/20, ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| ആകെ അടങ്കൽ | 57,432/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 57,432/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | ആയുർവേദ മെഡിക്കൽ ഓഫീസർ |

പ്രസ്തുത പ്രോജക്റ്റിനായി കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനായി 24.03.2020 തീയതിയിൽ 57,432/- രൂപ (40,129/- രൂപ വരുന്ന കംപ്യൂട്ടർ, 2,577/- രൂപ വില വരുന്ന 600VA യു.പി.എസ്, 14,726/- രൂപ വില വരുന്ന മൾട്ടിഫംങ്ഷൻ പ്രിന്റർ) കെൽട്രോണിന് അഡ്വാൻസായി നൽകിയിട്ടുള്ളതാണ്. ഇതിൽ കംപ്യൂട്ടർ, യു.പി.എസ് എന്നിവ ഡിസ്പെൻസറിയ്ക്ക് ലഭ്യമായിട്ടുണ്ട്. എന്നാൽ മൾട്ടിഫംങ്ഷൻ പ്രിന്റർ നാളിതുവരെയായും ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 25.01.2022 തീയതിയിൽ നൽകിയ എൻക്വയറി നം.6 ന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടി പ്രോജക്റ്റ് പ്രകാരം 3 ഉപകരണങ്ങൾ വാങ്ങാൻ CPCRS മുഖേന കെൽട്രോണിന് പർച്ചേസ് ഓർഡർ നൽകിയതിൽ മൾട്ടിഫംങ്ഷൻ പ്രിന്റർ ഒഴികെയുള്ളവ സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ളതുമാണ്. പ്രിന്റർ നാളിതുവരെയായും സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല. നിരവധി തവണ കെൽട്രോണുമായി ബന്ധപ്പെട്ടതിനു ശേഷം ഒടുവിൽ ആയതിനു വേണ്ടി കൊടുത്ത അഡ്വാൻസ് തുക ഓൺലൈൻ മുഖേന റീഫണ്ട് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും, ആയതിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു എന്നും മറുപടിയിൽ വ്യക്തമാക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റിനായി തുക നൽകുകയും എന്നാൽ ലഭിക്കേണ്ടതായ മൾട്ടിഫംങ്ഷൻ പ്രിന്റർ നാളിതുവരെയായും സ്ഥാപനത്തിന് ലഭിക്കാതിരുന്നതും, അഡ്വാൻസ് നൽകിയ തുക റീഫണ്ടായി തിരികെ ഈടാക്കാതിരുന്നതും ടി പ്രോജക്റ്റിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ അഡ്വാൻസ് നൽകിയ 14,726/- രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 റോഡ് ഇന്റർലോക്ക് ടൈലിംഗ് പ്രവൃത്തികളിൽ MoRD അവലംബിക്കാത്തതിനാൽ നഷ്ടം രൂപ 13104.46**

ചേന്ദമംഗലം പഞ്ചായത്തിലെ റോഡ് ഇന്റർലോക്ക് ടൈലിംഗ് പ്രവൃത്തികളിൽ MoRD അവലംബിക്കാത്തതിനാൽ 13104.46/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

**1-22 പ്രത്യേക കന്ന്കുട്ടി പരിപാലന പദ്ധതി-നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

പ്രോജക്ട് : 46/19-20 കന്നുകുട്ടി പരിപാലന പദ്ധതി.

1)അടങ്കൽ/ചെലവ് : 600000/-,

2)ചെലവ് : 150000/-

ബിൽ നം. 660204/9.10.19

നിർവ്വഹണം : വെറ്റിനറി ഡോക്ടർ

കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് 2019- 20 ൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളാണ് മുകളിൽ ചേർത്തത്. 6250/- രൂപ വീതം 24 കിടാക്കൾക്കാണ് തുക വകയിരുത്തിയത്. നിർവ്വഹണ ഉദ്യോഗസ്ഥൻ Icdp പ്രൊജക്ട് ഓഫീസർക്ക് പ്ലാൻ ഫണ്ട് തുക കൈമാറുകയും ചെയ്തു. കൈമാറിയ പ്രസ്തുത പ്ലാൻഫണ്ട് തുകയിൽ, പാൽ സൊസൈറ്റിയിൽ നിന്നും ഗുണഭോക്താക്കൾ ഫീഡ് വിലയുടെ 50% അടവാക്കി ഫീഡ് വാങ്ങിയാൽ ടി തുക നിർവ്വഹണ ഉദ്യോഗസ്ഥൻ വഴി Icdp പ്രൊജക്ട് ഓഫീസർക്ക് തിരികെ ലഭ്യമാകുന്നുണ്ട്. ഇപ്രകാരം ഗുണഭോക്താക്കൾ അടവാക്കിയ ഫീഡിന്റെ വിലയ്ക്ക് ആനുപാതികമായാണ് (ചെലവിന്റെ 50%), പ്രൊജക്ട് ഓഫീസർ Icdp ഓഫീസർ വഴി കേരള ഫീഡ്സിന് തുക നൽകേണ്ടത്.

എന്നാൽ ഓരോ വർഷവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കിടാരികളുടെ ഗുണഭോക്താക്കളിൽ എത്രപേർ പൂർണ്ണമായി ആനുകൂല്യം വിനിയോഗിച്ചെന്നോ, ഡ്രോപ്പൗട്ട് ആയതും, ചത്തുപോയതുമായ കിടാരികളുള്ള എത്രപേരുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല.

യഥാർത്ഥത്തിൽ നിർവ്വഹണോദ്യോഗസ്ഥന് ഗുണഭോക്താക്കളിൽ നിന്ന് ലഭിച്ച ഗുണഭോക്തൃ വിഹിതത്തിനാനുപാതികമാണ് (സ്റ്റേറ്റ് ഫണ്ട് ലഭിക്കാത്ത അവസരത്തിൽ) പ്രൊജക്റ്റിന്റെ ചെലവ്. ഈ തുകയാണ് Icdp ഓഫീസർ കേരള ഫീഡ്സിന് കൈമാറേണ്ടത്. ഇപ്രകാരം നൽകിയ തുകയിൽ Icdp ഓഫീസറുടെ അക്കൗണ്ടിൽ ആനുകൂല്യം കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കുള്ള ബാക്കിയുള്ള തുകയുടെ വിവരങ്ങൾ Icdp ഓഫീസ് അധികൃതരിൽനിന്നും ശേഖരിച്ച് ആയത് ലഭ്യമാക്കേണ്ടതാണ്.

2016-2017 മുതൽ 2019-20 വരെ പഞ്ചായത്തിൽ നിന്നും Icdp പ്രൊജക്റ്റ് ഓഫീസർക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി നം | കൈമാറിയ തുക |
|---|---|---|
| 2016-17 | 14/16-17 | 312500 |
| 2017-18 | 33/17-18 | 312500 |
| 2018-19 | 23/18-19 | 225000 |
| 2019-20 | 46/19-20 | 150000 |

പഞ്ചായത്ത് വർഷംതോറും ക്ഷീരകർഷകർക്കായി പ്രസ്തുത പദ്ധതി മുഖേന ചെലവഴിക്കുന്ന തുകകളുടെ കൃത്യത, വിനിയോഗം, ക്ഷീരസൊസൈറ്റിയിൽ നിന്നും ലഭിച്ച ഗുണഭോക്താക്കളുടെ ഫീഡിന്റെ വില, നിർവ്വഹണോദ്യോഗസ്ഥനായ (FLIO) ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർ (Icdp ഓഫീസർ) ടെ അക്കൗണ്ടിൽ അടവാക്കിയതുൾപ്പെടെയുള്ള സബ്സിഡി തുകയുടെ ചെലവിന്റെ വിവരങ്ങൾ അടങ്ങിയ വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 വാഴകൃഷി വികസനം - മുഴുവൻ പേരും ആനുകൂല്യം കൈപ്പറ്റിയില്ല.

പദ്ധതി നം : 59/19-20

അടങ്കൽ 864042

ചെലവ് 399765

1) ബിൽ നം. 1479007/12.03.20 : 27000/-

2) ബിൽ നം.1479009/12.3.20 : 48800/-

നിർവ്വഹണം : കൃഷി ഓഫീസർ.

പദ്ധതിയുടെ ഭാഗമായി ടിഷ്യുകൾച്ചർ വാഴ കന്നുകൾ Vfpck - ൽ നിന്നും വാങ്ങിയിരുന്നു. 1500 റോബസ്റ്റ് വാഴ തൈകൾ 18/- രൂപ നിരക്കിലും (1)Invoice No. Kbk/Ekm/19-20/306-17.03.20) 2440 നേന്ത്രവാഴ കന്നുകൾ 20/- രൂപ നിരക്കിലുമാണ് (Invoice No. Kbk/Ekm/Pr/19-20/305-17.03.20 ) വാങ്ങിയിട്ടുള്ളത്. രണ്ടിനവുംകൂടി ശരാശരി 50 എണ്ണം വീതമാണ് വിതരണം ചെയ്തത്. വാഴകന്നുകളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നാല് ഗുണഭോക്താക്കൾ (വാർഡ് 10,14,16-ൽ 2പേർ) ഇവ കൈപ്പറ്റിയിട്ടില്ല എന്ന് കാണുകയുണ്ടായി. ആയതിനാൽ 200 വാഴക്കന്നുകളുടെ വിലയായ 3800/ (19x200) രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത ചെലവിന്റെ ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്. ഒപ്പം ഇതിന് ആനുപാതികമായി നൽകിയ വളത്തിന്റെ ചെലവും കൃഷി ഓഫീസർ കണക്കാക്കി തിരിച്ചടവാക്കേണ്ടതാണ്. ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/2.2.22) മറുപടി ലഭ്യമാക്കിയിരുന്നില്ല.

## 1-24 പച്ചക്കറി ഗ്രാമം പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പദ്ധതി നം. 223/19-20

അടങ്കൽ : 250000/-

ചെലവ് : 250000/-

| ബിൽ നം | തുക | വാങ്ങിയ ഇനം |
|---|---|---|
| | | |

| | | |
|---|---|---|
| 406472/5.3.20 | 45000 | പച്ചക്കറി തൈകൾ 15000 @3/- |
| 406474/5.3.20 | 9000 | പച്ചക്കറി വിത്ത് 500 Pk @18/- |
| 407761/5.3.20 | 45000 | പച്ചക്കറി തൈകൾ 15000 @3/- |
| 414768/6.3.20 | 45000 | പച്ചക്കറി തൈകൾ 15000 @3/- |
| 436699/9.3.20 | 49800 | പച്ചക്കറി തൈകൾ 16600 @3/- |
| 460932/11.3.20 | 40000 | പച്ചക്കറി തൈകൾ 13334 @3/- |
| 463457/11.3.20 | 9000 | പച്ചക്കറി വിത്ത് 500 Pk @18/- |
| 463465/11.3.20 | 3200 | പച്ചക്കറി തൈകൾ 1067@3/- |
| 463468/11.3.20 | 4000 | അനുബന്ധ ചെലവുകൾ |
| ആകെ | 250000 | |

മേൽ പറഞ്ഞ ഇനങ്ങൾ മുഴുവൻ വാങ്ങിയത് ചേന്ദമംഗലം ഹരിത ഇക്കോ ഷോപ്പിൽ നിന്നാണ്.

പദ്ധതിയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഏതിനം പച്ചക്കറി തൈകളാണ് വാങ്ങിയതെന്ന് ഫയലിൽ നിന്നോ ഹരിത ഇക്കോഷോപ്പിന്റെ ബില്ലിൽ നിന്നോ, ഗുണഭോക്തൃവിതരണ രജിസ്റ്ററിൽ നിന്നോ വ്യക്തമല്ല.

2. വിത്തിന്റെ കാര്യത്തിൽ തൂക്കമോ, അളവോ, ഏതിനമാണെന്നോ മേൽ പറഞ്ഞ രേഖകൾ കൊണ്ട് വ്യക്തമല്ല.

3. വിതരണ രജിസ്റ്ററിൽ വിതരണം ചെയ്തതെന്നാണെന്നോ, വിതരണ വിവരങ്ങളോ ഇല്ല.

4. മേൽ പറഞ്ഞ വിത്തുകളും തൈകളും ഇക്കോഷോപ്പുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിച്ചതാണോ എന്ന് വ്യക്തമല്ല.

5. പഞ്ചായത്തിന്റെ പദ്ധതിക്കായി നടീൽ വസ്തുക്കൾ അവിടെ ഉൽപ്പാദിക്കാത്തവയാണെങ്കിലും ഇക്കോ ഷോപ്പ് വഴി വാങ്ങി വില്പന നടത്തുന്നതിനെ സാധൂകരിക്കുന്ന ഉത്തരവുകളുണ്ടെങ്കിൽ അവ ലഭ്യമാക്കേണ്ടതാണ്.

6. സ്റ്റേറ്റ് സീ ഡ് ഫാം, കൃഷി വിത്തുൽപ്പാദന കേന്ദ്രം, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങളെ പദ്ധതിയുടെ വാങ്ങൽ നടപടികളിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

ഗ്രാമം ഹരിതാഭം എന്ന പദ്ധതിയിലും (പദ്ധതി നം.32/19-20) തൻവർഷം മേൽ പറഞ്ഞ രീതിയിൽ ഇക്കോ ഷോപ്പിൽ നിന്നും അവർ ഉൽപ്പാദിക്കാത്തതും സംഭരിക്കാത്തതുമായ വസ്തുക്കൾ (വിത്തും തൈകളും മറ്റ് വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും വാങ്ങി ) വിൽപ്പന നടത്തിയിട്ടുണ്ട്. ആയതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/2.2.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം - സർക്കാർ നിർദ്ദേശപ്രകാരമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല.

പദ്ധതി നം.237/19

അടങ്കൽ : 2700000/- (എസ്‌ഡിപി. 17,26,671/- ജില്ലാ പഞ്ചായത്ത് വിഹിതം 9,73,329/-)

ചെലവ് : 450000/-

ബിൽ നം. 1585567/23.3.20

നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 225000/- രൂപ വീതം രണ്ട് പേർക്കാണ് ഭൂമി വാങ്ങുന്നതിനായി ധനസഹായം അനുവദിച്ചിട്ടുള്ളത്.

ഇതിൽ ഗോപാലകൃഷ്ണൻ, മണപ്പാടൻ എന്ന ഗുണഭോക്താവ് 257/1/2020, 7/3/2020, നം. ആധാരം പ്രകാരം ശ്രീ മനക്കൽ സെബാസ്റ്റ്യനിൽ നിന്നുമാണ് ഭൂമി വാങ്ങിയത്. എന്നാൽ പ്രസ്തുത ആധാരത്തിൽ സർക്കാറിൽ നിന്ന് ലഭിച്ച ഭൂമിയാണെന്നും, പന്ത്രണ്ട് വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്നുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. അസ്സൽ ആധാരം ഗുണഭോക്താവിന്റെ കൈവശമായതിനാലും മേൽപറഞ്ഞ വ്യവസ്ഥ ആധാരത്തിൽ ഉൾപ്പെടുത്താതിരുന്നതിനാലും ഭൂമി രജിസ്റ്റേഷൻ വകുപ്പ് വഴി കൈമാറുന്നതിന് നിയമപരമായി തടസ്സമില്ലാത്തതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 പെൺകുട്ടികളുടെ വിവാഹ ധനസഹായം ( എസ് .സി) -പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പ്രൊജക്റ്റ് നം 11/19 അടങ്കൽ 450000/- ചെലവ് 450000/-
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി.

| | ബിൽ നം. | തുക |
|---|---|---|
| 1 | 369814/22.7.19 | 150000 |
| 2 | 891771/16.12.19 | 75000 |
| 3 | 949319/16.12.19 | 225000 |
| | | 450000 |

മേൽ പറഞ്ഞ ബില്ലുകളിൽ ക്രമ നം. 3 പ്രകാരമുള്ള 225000/- രൂപയുടെ ബിൽ തുകയിൽ 75000/- രൂപ വീതം 3 പേർക്കാണ് തുക വിതരണം ചെയ്തത്.

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ) 22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക-7.2.3 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹശേഷം 90 ദിവസത്തിനകമോ ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിരിക്കണം. 17.09.2018- ലെ സ.ഉ. നം. 2438/2018/ത.സ്വഭ.വ. ഉത്തരവ് പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട കാലാവധി 180 ദിവസമായി വർദ്ധിപ്പിച്ചിരുന്നു.
ശ്രീമതി മഹിളാ മഹേശന്റെ മകളായ ശ്രീമതി. ശ്യാമ.ഇ.എം (ഇടശ്ശേരി വീട്, ) എന്ന ഗുണഭോക്താവിന്റെ വിവാഹം നടന്നത് 14.11.2017 -നാണ്. എന്നാൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത് 2 വർഷത്തിന് ശേഷം 16.12.2019 - നാണ്. വിവാഹം നടന്ന് രണ്ട് വർഷത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥന് സ്വന്തംനിലയിൽ ആനുകൂല്യം അനുവദിക്കാൻ അനുമതിയില്ലാത്തതാകുന്നു. പദ്ധതി നിർവ്വഹണത്തിലെ നടപടിക്രമത്തിൽ വന്ന അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 5, 15 വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിനായി 2019-20 -ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന തുകകൾക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. 250/19-20

| അടങ്കൽ | ചെലവ് | ബിൽ നം./ ചെക്ക്നം | തുക |
|---|---|---|---|
| 79394<br>43394(പ്ലാൻ)<br>36000(തനത്ഫണ്ട്) | 79394 | 1479395/12.03.20<br>66262/16.03.20<br>66464/23.03.20 | 43394<br>23250<br>12750 |
| | | | 79394/- |

മേൽ പ്രവർത്തികൾ സംബന്ധിച്ച് കരാർ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. പ്രവർത്തി പൂർത്തീകരിക്കുന്ന വിവരം ലഭ്യമാക്കുന്നത് വരെ 79394/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റിന് തുക നൽകിയത് സംബന്ധിച്ച്.

പറവൂർ ബ്ലോക്ക് പഞ്ചായത്തിന് 2019-20 – ൽ പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റിന്റെ ചെലവിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട താഴെ ചേർത്ത പ്രകാരമുള്ള തുകകൾ പഞ്ചായത്ത് നൽകിയിട്ടുണ്ട്.

| പദ്ധതി നം. | അടങ്കൽ | ചെലവ് | ബിൽ നം./ ഡി.ഡി.നം |
|---|---|---|---|
| 7/19-20 | 1,00,000 (കേന്ദ്രാവിഷ്കൃതം) | 100000 | 119119/11.02.20 |
| 171/19-20 (SO) | 200000 (കേന്ദ്രാവിഷ്കൃതം) 200000 (സംസ്ഥാനഫണ്ട്) | 200000 (സംസ്ഥാനാ വിഷ്കൃതഫണ്ട്) | 119097/11.07.19 |

പ്രസ്തുത പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറുന്നതിനായി സർക്കാർ നിർദ്ദേശമോ, ഉത്തരവുകളോ, അനുമതിയോ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത പദ്ധതിക്കായി പഞ്ചായത്തിൽ എപ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം ലഭ്യമായതെന്നും, ആരുടെ ഉടമസ്ഥതയിലാണ് നിലവിൽ പദ്ധതി പ്രവൃത്തിക്കുന്നതെന്നും, പദ്ധതിയുടെ അടങ്കലും ,ചെലവും ആവശ്യപ്പെട്ടിരുന്നു. പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണ ചുമതലയുള്ള സ്ഥാപനം പ്രൊജക്ടിന്റെ വിഭവ സ്രോതസ്സ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് എെ.എ.വൈ ഒഴികെയുള്ള പദ്ധതികൾക്ക് തുക നൽകുന്നതിനായി വ്യവസ്ഥയുള്ളതായി കാണുന്നില്ല. (സ.ഉ.(എംഎസ്) നം.362/2013/ത.സ്വ.ഭ.വ.,16.11.2013, ഖ.11.13viii.)

കൂടാതെ പ്രസ്തുത പദ്ധതിയുടെ ഫയലിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.06.19- ലെ സി-76/19 നം. കത്ത് പ്രകാരം ഷ്രെഡിങ്ങ് യൂണിറ്റിന്റെ കെട്ടിട നിർമാണ പ്രവർത്തി പൂർത്തീകരിച്ചതായും 274981/- രൂപ പഞ്ചായത്ത് വിഹിതമായി അനുവദിക്കുന്നതിനായും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് മേൽ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മേൽപറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ മുഴുവനും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം.18/2.2.22) ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ പരാമർശങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുന്നതാണ്.

## 1-29 പബ്ലിക്ക് ടാപ്പ് കട്ടിങ്ങ് ചാർജ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പദ്ധതി നമ്പർ : (SO)193/20

നിർവ്വഹണം : സെക്രട്ടറി.

അടങ്കൽ : 434000/- (തനത്ഫണ്ട്)

ചെലവ് : 434000/-

ബിൽ/ചെക്ക് നം. 66343/6.3.20

പഞ്ചായത്ത് പരിധിയിലുള്ള 432 പൊതു ടാപ്പുകൾക്കാണ് കേരള വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കി വന്നിരുന്നത്. പിന്നീട് 17.7.2019 -ലെ 23/1 നം, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം, 70 ടാപ്പുകൾ നീക്കംചെയ്യുന്നതിനായി വാട്ടർ അതോറിറ്റി -യോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. 70 ടാപ്പുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയോട് പഞ്ചായത്ത് ആവശ്യപ്പെട്ടു. തുടർന്ന് വാട്ടർ അതോറിറ്റി 73575/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും 73575/- രൂപ പഞ്ചായത്ത് 6.3.20-ലെ 66343 നം ചെക്ക് പ്രകാരം അടവാക്കുകയും ചെയ്തു.

2020 മാർച്ചിൽ 70 ടാപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ കട്ട് ചെയ്യാനുള്ളതായി പഞ്ചായത്തിനും വാട്ടർ അതോറിറ്റിക്കും അറിയാമായിരുന്നിട്ടും 2020 ഏപ്രിലിലെ വെള്ളക്കര ഡിമാന്റ് നോട്ടീസിൽ 362 ടാപ്പുകളുടെ വെള്ളക്കരം ഈടാക്കേണ്ടതിന് പകരം 400 ടാപ്പുകളുടെ വെള്ളക്കരം ഈടാക്കുകയുണ്ടായി. ടാപ്പൊന്നിന് വർഷം 5250/- രൂപ നിരക്കിലാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കിയിട്ടുള്ളത്.

<u>മേൽപ്പറഞ്ഞ പദ്ധതിനിർവഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു</u>

1) കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും നടത്തിയ സംയുക്ത പരിശോധനയുടെ വിവരങ്ങൾ ലഭ്യമല്ല.

2) ഏപ്രിൽ 2020മുതൽ 38 വാട്ടർ ടാപ്പുകൾക്ക് അധികമായി കെ.ഡബ്ല്യു.എ വെള്ളക്കരം ഡിമാന്റ് നോട്ടീസ് അയക്കുകയും ആയത് പ്രകാരം പഞ്ചായത്ത് പണം അടവാക്കുകയും ചെയ്തു. പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയതിന്റെ കാരണം വ്യക്തമല്ല.

3) പദ്ധതിപ്രകാരമുള്ള പ്രവർത്തി പൂർത്തീകരിച്ചതായുള്ള വിവരമോ പദ്ധതിയുടെ നിലവിലെ അവസ്ഥയോ കെ.ബ്ല്യു. എ എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനെ രേഖാമൂലം അറിയിക്കുകയോ, പഞ്ചായത്ത് വിവരങ്ങൾ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഡെപ്പൊസിറ്റായി പഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗ വിവരവും ലഭ്യമല്ല.

മേൽ ക്രമനമ്പർ 2 – ൽ പറഞ്ഞ പ്രകാരം ഒരു വർഷവും പത്ത് മാസവുമായി പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കിയത് ശരിയായ നടപടിക്രമമല്ല. അധികമായി ഈടാക്കിയ വെള്ളക്കരം കെ.ഡബ്ല്യു.എ -യിൽ നിന്നും ഈടാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. മേൽപറഞ്ഞ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (19/2.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഉടൻ തുടർ നടപടികൾ കൈക്കൊണ്ട്, ആയതിന്റെ വിവരം അറിയിക്കേണ്ടതാണ് .

## 1-30 ഓഡിറ്റ് ഇംപാക്ക്

2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന്, താഴെപ്പറയുന്ന തുകകൾ അടവാക്കുകയുണ്ടായി.
1) 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി കുറവ് ഈടാക്കിയത് സംബന്ധിച്ച് 25.01.2022 ൽ നൽകിയ എൻക്വയറി നം.4 നെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | എൻക്വയറി നം/ തീയതി | ഇനം | രസീത് നം/തീയതി | തുക |
|---|---|---|---|---|
| 1 | 4/25.01.2022 | തൊഴിൽ നികുതി | 1210103393/ 31.01.2022 | 2700/- |
| 2 | 4/25.01.2022 | തൊഴിൽ നികുതി | 1210103394/ 31.01.2022 | 2700/- |
| 3 | 4/25.01.2022 | തൊഴിൽ നികുതി | 1210103381/ 31.01.2022 | 1200/- |
| 4 | 4/25.01.2022 | തൊഴിൽ നികുതി | 1210103382/ 31.01.2022 | 1200/- |
| | ആകെ | | | 7800/- |

2) 2019-20 സാമ്പത്തിക വർഷത്തെ പെർമിറ്റ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച് 27.01.2022ൽ നൽകിയ എൻക്വയറി നം.10 നെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | എൻക്വയറി നം/ തീയതി | ഇനം | രസീത് നം/തീയതി | തുക |
|---|---|---|---|---|
| 1 | 10/27.01.2022 | പെർമിറ്റ് ഫീസ് | 1210103354/ 28.01.2022 | 360/- |
| 2 | 10/27.01.2022 | പെർമിറ്റ് ഫീസ് | 1210103347/ 28.01.2022 | 446/- |
| | ആകെ | | | 806/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 റോഡ് ഇന്റർലോക്ക് ടൈലിംഗ് പ്രവൃത്തികളിൽ MoRD അവലംബിക്കാതിരുന്നതിനാൽ നഷ്ടം രൂപ 13104.46

ചേന്ദമംഗലം പഞ്ചായത്തിൽ റോഡ് ഇന്റർലോക്കിംഗ് ടൈൽ ഇടുന്ന പ്രവൃത്തികളിൽ DSR

അവലംബമാക്കിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. റോഡ് പ്രവൃത്തികളിൽ DSR പ്രകാരം ഇന്റർലോക്കിംഗ് ടൈലിംഗ് എന്ന ഇനം നടപ്പാക്കുന്നതിനെ അപേക്ഷിച്ച് ചെലവ് കുറവാണ് MoRD സ്പെസിഫിക്കേഷൻ പ്രകാരം നടപ്പാക്കുമ്പോൾ വരുന്നത്. സമീപപ്രദേശമായ കരുമാലൂർ പഞ്ചായത്തിലെ 2019-20 ലെ തന്നെ ഇതേ കോസ്റ്റ് ഇൻഡക്സ് ഉള്ള (39.89%) മറ്റൊരു പ്രവൃത്തിയുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ ഇനം | നിരക്ക് | അധികനിരക്ക് |
|---|---|---|---|---|---|
| 1 | കരുമാലൂർ | പുറവേലിപ്പാടം റോഡ് വാർഡ് 6 TS No 14188/19-20, Est No 2018/135708 | Providing And Laying Interlocking Concrete Block Pavements Having Thickness 80 Mm With 7.5 Crushed Stonebed | 890.28/Sqm | - |
| 2 | ചേന്ദമംഗലം | കരിമ്പാടം ഫ്രണ്ട്ഷിപ്പ് റോഡ് ടൈൽ പേവിംഗ് വാർഡ് 12, TS No 74989/19-20, Est No 2019/23974 | Providing And Laying 80 Mm Thick Cement Concrete Interlocking Paver Blocksof M30 Grade By Block Making Machine Over 75 Mm Thick Compacted Bed Of Approved Cushion Material | 924.87/Sqm | 34.59/Sqm |
| 3 | ചേന്ദമംഗലം | സഹോദരൻ അയ്യപ്പൻ റോഡ് ടൈൽ പേവിംഗ് വാർഡ് 12, TS No 46143/19-20, Est No 2019/2320 | Providing And Laying 80 Mm Thick Cement Concrete Interlocking Paver Blocksof M30 Grade By Block Making Machine Over 75 Mm Thick Compacted Bed Of Approved Cushion Material. | 924.87/Sqm | 34.59/Sqm |

റോഡ് പ്രവൃത്തികൾക്ക് MoRD ആധാരമാക്കണമെന്ന സർക്കാർ നിർദ്ദേശമുള്ള സാഹചര്യത്തിൽ, ഈ പഞ്ചായത്തിൽ MoRD അവലംബിച്ച് റോഡ് ടൈലിംഗ് പ്രവൃത്തികൾ ചെലവ് കുറഞ്ഞ രീതിയിൽ ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. (നമ്പർ 13). ഇതിന് മറുപടിയായി ലഭ്യമാക്കിയിട്ടുള്ളത് ഫിനാൻസ് ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിങ്ങിന്റെ സർക്കുലർ നം 78/2016/ഫിൻ തിയതി 19/9/2016, ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വ. യുടെ സർക്കുലർ നം.DB3/6512/2013/CE/LSGD/14/10/2016 എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിശദീകരണമാണ്. ഇതിൽ ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വ. യുടെ സർക്കുലർ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളാണെങ്കിലും മേൽ വിഷയവുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നതല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഒരു ഇനത്തിന്റെ CPWD/MoRTH/MoRD ഡാറ്റാകൾ താരതമ്യം ചെയ്ത് കുറഞ്ഞ നിരക്ക് നിർണ്ണയിക്കേണ്ടതില്ല

എന്ന ഫിനാൻസ് ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിങ്ങിന്റെ സർക്കുലർ ഉദ്ധരിച്ചുകൊണ്ടാണ് മറുപടിയിൽ ചേന്ദമംഗലം പഞ്ചായത്തിൽ MoRD അവലംബിക്കാതിരുന്നതിനെ ന്യായീകരിച്ചിട്ടുള്ളത്. എന്നാൽ ഏതെങ്കിലും ഒരു ഇനത്തിന്റെ CPWD/MoRTH/MoRD ഡാറ്റകളുമായുള്ള താരതമ്യം സംബന്ധിച്ചുള്ള പരാമർശമല്ല എൻക്വയറിയിൽ നടത്തിയിട്ടുള്ളത്. റോഡ് പ്രവൃത്തികളിൽ മൊത്തത്തിൽ തന്നെ MoRD അവലംബിക്കാതിരുന്നതിനാണ് വിശദീകരണം ആവശ്യപ്പെട്ടിരുന്നത്. അതിന് പുറമേയാണ് റോഡ് ഇന്റർലോക്കിംഗ് പ്രവൃത്തികളുടെ ഇനങ്ങളിലെ ഏറ്റവും പ്രധാനമായ ഇനത്തിന്റെ ചെലവിലുള്ള വ്യതിയാനം സൂചിപ്പിച്ചിട്ടുള്ളത്. മാത്രമല്ല മറുപടിയിൽ സൂചിപ്പിച്ച സർക്കുലറിന്റെ തുടർന്നുള്ള ഭാഗം തന്നെ റോഡ് പ്രവൃത്തികളിൽ MoRD/MoRTH സ്പെസിഫിക്കേഷൻ അവലംബിക്കേണ്ടതാണ് എന്നാണ്. മറുപടിയിലെ മറ്റൊരു വിശദീകരണം MoRD ഡാറ്റായിൽ ഇന്റർലോക്കിംഗ് ടൈലുകളുടെ കംപ്രസ്സീവ് സ്ട്രെങ്ത് സ്പെസിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ആണ് DAR അവലംബിച്ചത് എന്നാണ്. ചേന്ദമംഗലം പഞ്ചായത്ത് പ്രളയബാധിതപ്രദേശമായിരുന്നു എന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. എന്നാൽ എൻക്വയറിയിൽ സൂചിപ്പിച്ചിട്ടുള്ള കരുമാലൂർ പഞ്ചായത്തും പ്രളയബാധിതമായിരുന്നു. കരുമാലൂർ ഉൾപ്പെടെ പ്രളയബാധിതമായ പല പഞ്ചായത്തുകളും ഇന്റർലോക്കിംഗ് ടൈലുകൾ കൊച്ചിൻ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് ലാബിൽ കംപ്രസ്സീവ് സ്ട്രെങ്ത് ടെസ്റ്റ് ചെയ്ത് ഉറപ്പ് വരുത്തി പ്രവൃത്തികൾ നടത്തുന്നതായും ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വ. യുടെ മറ്റൊരു സർക്കുലർ നം.DB3/6512/2013/CE/LSGD/10/08/2016 ൽ റൂറൽ റോഡുകൾ പൂർണ്ണമായും MoRD സ്പെസിഫിക്കേഷനിൽ നിർമ്മിക്കേണ്ടതാണെന്ന അഡ്വൈസ് ആണ് നല്കിയിരിക്കുന്നത്. അത്തരത്തിൽ നിർമ്മാണം നടത്തുന്ന വേളയിൽ പാലിക്കേണ്ട കാര്യങ്ങൾ ആണ് മേൽ സർക്കുലറിന്റെ അവസാന ഖണ്ഡികയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നത്. മേൽക്കാരണങ്ങളാൽ, ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി അംഗീകരിക്കുന്നില്ല. ഖണ്ഡികയുടെ ആദ്യഭാഗത്ത് ഉൾപ്പെടുത്തിയ പട്ടികയിലെ ചേന്ദമംഗലം പഞ്ചായത്തിലെ രണ്ട് പ്രവൃത്തികളിൽ MoRD സ്പെസിഫിക്കേഷൻ അവലംബിക്കാത്തിനാൽ ഉണ്ടായിട്ടുള്ള നഷ്ടം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ ഇനം | നല്കിയ DAR നിരക്ക് | MoRD നിരക്ക് | അധികനിരക്ക് | ചെയ്ത പ്രവൃത്തി(Sqm) | അധികചെലവ് |
|---|---|---|---|---|---|---|
| കരിമ്പാടം ഫ്രണ്ട്ഷിപ്പ് റോഡ് ടൈൽ പേവിംഗ് വാർഡ് 12, TS No 74989/19-20, Est No 2019/23974 കരാറുകാരൻ-പ്രമോദ് ബി | Providing And Laying 80 Mm Thick Cement Concrete Interlocking Paver Blocksof M30 Grade By Block Making Machine Over 75 Mm Thick Compacted Bed Of Approved Cushion Material | 924.87/Sqm | 890.28/Sqm | 34.59/Sqm | 105.418 Sqm | 34 X 105.418 = 3646.40 (ബിൽ നമ്പർ 20/21-1-2-2020) |
| സഹോദരൻ അയ്യപ്പൻ റോഡ് ടൈൽ പേവിംഗ് വാർഡ് 12, TS No 46143/19-20, Est No 2019/2320 കരാറുകാരൻ-രാഗേഷ് കെ.എം. | Providing And Laying 80 Mm Thick Cement Concrete Interlocking Paver Blocksof M30 Grade By Block Making Machine Over 75 Mm Thick Compacted Bed Of Approved Cushion Material | 924.87/Sqm | 890.28/Sqm | 34.59 | 267.43 Sqm | 34.59 X 267.43 = 9520. 40 (ബിൽ നമ്പർ 21/27-2-2020) |
| | | | | ആകെ അധിക ചെലവ് | | 13166.80 രൂപ |

ആയതിനാൽ നഷ്ടതുകയായ 13104.46/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽതുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 വാഴകൃഷി വികസനം - മുഴുവൻ പേരും ആനുകൂല്യം കൈപ്പറ്റിയില്ല.

പദ്ധതി നം : 59/19-20

അടങ്കൽ - 864042

ചെലവ് – 399765

നിർവ്വഹണം : കൃഷി ഓഫീസർ.

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 189114/22.2.20 | 34515 |
| 2 | 192648/22.2.20 | 35058 |
| 3 | 218336/22.3.20 | 40833 |
| 4 | 221312/22.2.20 | 19646 |
| 5 | 221316/22.3.20 | 34225 |
| 6 | 368728/4.3.20 | 12480 |
| 7 | 368732/4.3.20 | 15713 |
| 8 | 479007/16.3.20 | 27000 |
| 9 | 479009/16.3.20 | 48800 |
| 10 | 479014/16.3.20 | 1950 |
| 11 | 479018/16.3.20 | 1500 |
| 12 | 479024/16.3.20 | 41357 |
| 13 | 492162/16.3.20 | 42533 |
| 14 | 492164/13.3.20 | 1055 |
| 15 | 501434/31.3.20 | 20725 |
| 16 | 525881/19.3.20 | 11475 |
| 17 | 1529259/19.3.20 | 10900 |
| ആകെ | | 399765 |

പദ്ധതിയുടെ ഭാഗമായി ക്രമ നം. 7 പ്രകാരം 27000/- രൂപ ടിഷ്യുകൾച്ചർ വാഴ കന്നുകൾ Vfpck – ൽ നിന്നും വാങ്ങിയിരുന്നു. 1500 റോബസ്റ്റ് വാഴ തൈകൾ 18/- രൂപ നിരക്കിലും ((1) Invoice No. Kbk/Ekm/19-20/306-17.03.20) ക്രമ നം. 8 പ്രകാരം 48800/- രൂപക്ക് 2440 നേന്ത്രവാഴ കന്നുകൾ 20/- രൂപ നിരക്കിലുമാണ് (Invoice No. Kbk/Ekm/Pr/19-20/305-17.03.20) വാങ്ങിയിട്ടുള്ളത്. രണ്ടിനവുംകൂടി ശരാശരി 50 എണ്ണം വീതമാണ് വിതരണം ചെയ്തത്. വാഴകന്നുകളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നാല് ഗുണഭോക്താക്കൾ (വാർഡ് 10,14,16-ൽ 2പേർ) ഇവ കൈപ്പറ്റിയിട്ടില്ല എന്ന് കാണുകയുണ്ടായി. ആയതിനാൽ 200 വാഴക്കന്നുകളുടെ വിലയായ 3800/- (19x200) രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത ചെലവിന്റെ ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്. ഒപ്പം ഇതിന് ആനുപാതികമായി നൽകിയ വളത്തിന്റെ ചെലവും കൃഷി ഓഫീസർ കണക്കാക്കി തിരിച്ചടവാക്കേണ്ടതാണ്. ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/2.2.22) മറുപടി ലഭ്യമാക്കിയിരുന്നില്ല. പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ മോണിറ്ററിങ്ങ് കമ്മറ്റിയുടെ ഇടപെടലോ, മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടോ ഇല്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും മോണിറ്ററിങ്ങ് കമ്മറ്റിയുടെ പങ്ക് അനിവാര്യമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 2,14,163 | ലൈഫ് എസ്.സി (പ്രോ നം.17) | 2,14,163 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 2,00,000 | പെയിൻ & പാലിയേറ്റീവ് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (പ്രോ നം.37) | | |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 2,20,000 | പാൽ വില സബ്സിഡി (പ്രോ നം.60) | 2,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 60000 | കൂട് മത്സ്യകൃഷി | 60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 4,58,725 | ഭിന്നശേഷി പഠിതാക്കൾക്ക് സ്കോളർഷിപ്പ് (പ്രോ നം.39) | 4,58,725 | 0 |
| ആകെ | | 11,52,888 | | 11,52,888 | 0 |
| ജില്ല പഞ്ചായത്ത് | 18-19 | 790182 | കൊറ്റാട്ടാൽ പേരേപ്പാടം റോഡ്, റീട്ടാറിങ്ങും ഡ്രെയിനേജ് നിർമ്മാണവും (പ്രോ.നം.42) | 790182 | 0 |
| ജില്ല പഞ്ചായത്ത് | 18-19 | 600000 | ഭിന്നശേഷി പഠിതാക്കൾക്ക് സ്കോളർഷിപ്പ് (പ്രോ നം.165) | 600000 | 0 |
| ജില്ല പഞ്ചായത്ത് | 19-20 | 280000 | ലൈഫ് എസ്.സി (പ്രോ നം.33) | 280000 | 0 |
| ജില്ല പഞ്ചായത്ത് | 19-20 | 475450 | ഭിന്നശേഷി പഠിതാക്കൾക്ക് സ്കോളർഷിപ്പ് (പ്രോ നം.39) | 475450 | 0 |
| ജില്ല പഞ്ചായത്ത് | 19-20 | 400000 | ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം (പ്രോ നം.179) | 400000 | 0 |
| ജില്ല പഞ്ചായത്ത് | 18-19 | 1111946 | രാജാമിൽ വേമ്പനാട്ട് റോഡ് റീടാറിങ്ങും കാന നിർമാണവും വാർഡ് 6 (പ്രോ നം.143) | 1111946 | 0 |
| ജില്ല പഞ്ചായത്ത് | 18-19 | 782533 | ഓം തോമസ് റോഡ് റീടാറിങ്ങും സൈഡ് പ്രോട്ടക്ഷനും വാർഡ് 1,2 | 782533 | 0 |
| ആകെ | | 44,40,111 | | 44,40,111 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ പ്രോ.നം ചെക്ക്.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901250/S0066 | 130626 | 0 | 130626 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901252/S0066 | 103049 | 0 | 103049 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901253/S0066 | 43400 | 0 | 43400 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901251/S0066 | 34786 | 0 | 34786 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901344/S0066 | 130626 | 0 | 130626 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901345/S0066 | 35518 | 0 | 35518 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901346/S0066 | 28797 | 0 | 28797 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901347/S0066 | 40233 | 0 | 40233 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901399/S0066 | 3914 | 0 | 3914 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901360/S0066 | 1606 | 0 | 1606 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901397/S0066 | 10406 | 0 | 10406 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901398/S0066 | 6372 | 0 | 6372 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 210901395/S0066 | 6875 | 0 | 6875 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കൽ | 21901208/S0066 | 1718 | 0 | 1718 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുത | 21901403/S0066 | 34814 | 0 | 34814 |

| | | | | | |
|---|---|---|---|---|---|
| | വിളക്കുകൾ സ്ഥാപിക്കൽ | | | | |
| ആകെ | | | 612740 | 0 | 612740 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) | 68/2018 തീയതി 18.05.2018 111/2018 തീയതി 13.08.2018 511/2018 തീയതി 01.01.2019 | 21,38,914 | 37486923 | 27,50,000 | - | 3,68,75,837 |
| | | 21,38,914 | 3,74,86,923 | 27,50,000 | - | 3,68,75,837* |

*2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം KURDFC Loan ന്റെ ബാലൻസ് 3,96,25,837/- രൂപയാണ്. തിരിച്ചടവ് തുകയായ 27,50,000/- രൂപ Source Deduction ആയി കാണിച്ചിട്ടുണ്ട് എന്നാൽ ടി ഹെഡിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന ഇ.എം.എസ് വായ്പ (13901/- രൂപ) 11.07.2019 തീയതിയിൽ മുഴുവനായും തിരിച്ചടച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | | തൊഴിൽ നികുതി | മറുപടി തയ്യാറാക്കി ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാകുന്നു. |
| 2015-16 | 2-2 | | | | |

## 4-8 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 67671280 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 69064421 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 16,966.8 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 79,394 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-1 | - | 13,166.80 | ശ്രീമതി.മഞ്ജുഷ.പി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 3,800 | ശ്രീമതി.ആതിര.പി.സി, കൃഷി ഓഫീസർ |
| ആകെ | | 16966.80 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-27 | 79394/- | ശ്രീമതി.വിജയം .എൻ.ആർ, സെക്രട്ടറി (റിട്ടയേർഡ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിരിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മഞ്ജുഷ.പി.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | കോറശ്ശേരി ഹൗസ്, പൂയപ്പിള്ളി, വടക്കേക്കര പി.ഒ, നോർത്ത് പറവൂർ |
| ശ്രീമതി.ആതിര.പി.സി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ, ചേന്ദമംഗലം | ഓലിപ്പറമ്പിൽ ഹൗസ്, എടത്തിരിഞ്ഞി.പി.ഒ, പിൻ-680122 |
| ശ്രീമതി.വിജയം എൻ.ആർ, സെക്രട്ടറി (റിട്ടയേർഡ്) | റിട്ടയേർഡ് | പ്ലാപ്പിള്ളി ഹൗസ്, കിഴക്കേപ്പുറം, നോർത്ത് പറവൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 6 |
| 2000-2001 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2001-2002 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 2 |
| 2002-2003 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2003-2004 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2004-05 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 3 |

| | | |
|---|---|---|
| 2005-06 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 9 |
| 2006-07 | എൽ.എഫ്.ഇ(പി2) 751/10, 03.03.2011 | 2 |
| 2008-09 | എൽ.എഫ്.ഇ(പി2) 1751/11, 18.04.2012 | 4 |
| 2009-10 | എൽ.എഫ്.ഇ(പി2) 1758/11, 18.04.2012 | 0 |
| 2011-12 | എൽ.എഫ്.ഇ(പി2) 2234/11, 13.12.2013 | 2 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി10) 295/15, 19.02.2015 | 8 |
| 2014-15 | എൽ.എഫ്.ഇ(പി10) 1173/16, 16.07.2016 | 9 |
| 2015-16 | എൽ.എഫ്.ഇ(പി12) 1924/16, 08.02.2016 | 7 |
| 2016-17 | എൽ.എഫ്.ഇ(പി12) 1652/17, 14.09.2017 | 6 |
| 2017-18 | എൽ.എഫ്.ഇ(പി12) 227/19, 21.03.2019 | 17 |
| 2018-19 | എൽ.എഫ്.ഇ(പി12) 276/20, 11.03.2020 | 10 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്